# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.482 27.09.2016 -ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാര മേഖലയെ ഉയർത്തികൊണ്ടുവരുന്നതിനുതകുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം. ആരിഫ് : | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
| എ) | ഇത്തവണ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച വിനോദ സഞ്ചാര -വിപണന മേഖലയിലെ എത്ര അവാർഡുകൾ സംസ്ഥാന വിനോദസഞ്ചാര വകുപ്പിനു ലഭിക്കുകയുണ്ടായി; അവ ഏതെല്ലാമാണ്; | എ) | ഇത്തവണ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച വിനോദ സഞ്ചാര -വിപണന മേഖലയിലെ നാല് അവാർഡുകൾ സംസ്ഥാന വിനോദസഞ്ചാര വകുപ്പിനു ലഭിക്കുകയുണ്ടായി; അവ താഴെപ്പറയുന്നവയാണ്.<br>1. Excellence in publishing<br>a. English-Kerala and Spice Route Coffee Table Book<br>b.Foreign Language-The Great Backwater Brochure-German<br>2. Most innovative use of information Technology, Social Media/Mobile App-Kerala Tourism Digital Marketing<br>3.Responsible Tourism Project-Wayanad<br>4.Rural Tourism Project-Sargaalaya Craft Village |
| ബി) | സാർവ്വദേശീയ തലത്തിൽ കേരളത്തിലെ വിനോദ സഞ്ചാര മേഖലയെ ഉയർത്തികൊണ്ടു വരുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | ബി) | ഉണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെ നടത്തി വരുന്ന പരസ്യ കാമ്പയിൻ

2. നിലവിൽ അന്താരാഷ്ട്ര തലത്തിൽ പ്രധാന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുന്നു, പ്രധാന നഗരങ്ങളിൽ റോഡ്ഷോ സംഘടിപ്പിക്കുന്നു. ഇവയിൽ തുടർന്നും വകുപ്പ് പങ്കെടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

3. മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, എന്നീ പ്രചരണങ്ങൾ ആഗോള തലത്തിലെ മാർക്കറ്റിംഗിനെ സഹായിക്കുന്നു. കൂടാതെ കേരളത്തിനു വിപണി സാധ്യതയുണ്ടെന്നു വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വീയറ്റ്നാം, മ്യാൻമർ, ഇൻഡോനേഷ്യ സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്ന വിസ ഓൺ അറൈവൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

4. ഈ പുതിയ പ്രചാരണ പരിപാടക്കു കീഴിൽ പടിഞ്ഞാറൻ രാജ്യങ്ങളിൽ നിന്നും കിഴക്കൻ രാജ്യങ്ങളിൽ നിന്നും പുതിയ വിപണികൾ കണ്ടെത്താനാകുമെന്നാണ് കരുതുന്നത്. ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നിവിടങ്ങളിലെ പരമ്പരാഗത വിപണികളിൽ നിന്ന് ട്രേഡ് ഫെയറുകളും റോഡ്ഷോകളും വഴി കൂടുതൽപേരെ ആകർഷിക്കാനുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തും. ചൈന, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകളും ഫെമിലിയറൈസേഷൻ ടൂറുകളും സംഘടിപ്പിച്ചതിലൂടെ പുതിയ വിപണി സാധ്യതകൾ തേടാൻ കഴിഞ്ഞു.

ഈ പദ്ധതികൾ തുടർന്നു നടത്തുക വഴി സാർവ്വ ദേശീയ തലത്തിലുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ടൂറിസം വകുപ്പ് വരും വർഷങ്ങളിൽ പ്രതീക്ഷിക്കുന്നുണ്ട്.